**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5747** **08-11-2021 - ൽ മറുപടിയ്ക്ക്**

**ബി.പി.സി.എൽ. ഭൂമി കൈമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ബി.പി.സി.എൽ. കൊച്ചിൻ റിഫൈനറിക്ക് സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുത്ത് നൽകിയിരിക്കുന്നത് പബ്ലിക് പർപ്പസ് എന്ന ഹെഡിൽ ഉൾപ്പെടുത്തിയാണോ എന്ന് അറിയിക്കാമോ; | (എ) | ലാന്റ് അക്വിസിഷൻ ആക്ട് 1894 (അമെൻമെന്റ് ആക്ട് 1984) പ്രകാരം കേന്ദ്രപൊതുമേഖല സ്ഥാപനമായ ബി.പി.സി.എൽ കൊച്ചി റിഫൈനറിക്കു വേണ്ടി ഏറ്റെടുത്ത ഭൂമി പൊതു ആവശ്യത്തിന് വേണ്ടിയാണ് . |
| (ബി) | എങ്കിൽ ഇത്തരം സ്ഥാപനങ്ങൾ സംസ്ഥാന സർക്കാരിന്റെ അനുമതിയില്ലാതെ സ്വകാര്യ കമ്പനികൾക്ക് ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള നിയമപരമായ പ്രശ്നങ്ങളെ സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (ബി) | 20.11.2019 ന് നടന്ന CCEA യോഗത്തിൽ, Strategic buyer ന് മാനേജ്മെന്റ് നിയന്ത്രണം കൈമാറുന്നതിനോടൊപ്പം ബിപിസിഎല്ലിൽ കേന്ദ്ര സർക്കാരിനുള്ള 52.98% ഓഹരി പങ്കാളിത്തം starategic disinvestment നടത്താൻ തത്വത്തിൽ അംഗീകാരം നൽകിയതായി അറിയുന്നു. ബി.പി.സി.എൽ കൊച്ചി റിഫൈനറി സ്വകാര്യവല്ക്കരിക്കാനുള്ള നീക്കത്തിൽ നിന്ന് പിന്മാറണമെന്നു ബഹു. മുഖ്യമന്ത്രിയുടെ 17.10.2019, 18.03.2020 എന്നീ തീയതികളിലെ കത്തുകളിലൂടെ ബഹു. പ്രധാനമന്ത്രിയോടും ബഹു. കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. കൊച്ചി റിഫൈനെറിയുടെ സ്വകാര്യവത്കരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ ദേശീയ താല്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താല്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും നിർദ്ദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽ നിന്നും കേന്ദ്രസർക്കാർ അടിയന്തിരമായി പിന്മാറേണ്ടതുണ്ടെന്നും ആവശ്യപ്പെട്ടുകൊണ്ട് 2019 നവംബർ 19-ാം തീയതി കേരള നിയമസഭ ഐകകണ്ഠേന പ്രമേയം പാസ്സാക്കിയിട്ടുള്ളതും ആയത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്. ഇതിനെ സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ പ്രതികരണം ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ലാന്റ് അക്വിസിഷൻ ആക്ട് 1894 (അമെൻമെന്റ് ആക്ട് 1984) സെക്ഷൻ 44A പ്രകാരം സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നൽകിയ ഭൂമിയുടെ അവകാശം അനുമതി ഇല്ലാതെ സ്വകാര്യ കമ്പനിക്ക് കൈമാറുന്ന ബി.പി.സി.എൽ. ന്റെ സ്ട്രാറ്റജിക് സെയിലിനെ നിയമപരമായി ചോദ്യം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ; | (സി) | 20.11.2019 ന് നടന്ന CCEA യോഗത്തിൽ, Strategic buyer ന് മാനേജ്മെന്റ് നിയന്ത്രണം കൈമാറുന്നതിനോടൊപ്പം ബിപിസിഎല്ലിൽ കേന്ദ്ര സർക്കാരിനുള്ള 52.98% ഓഹരി പങ്കാളിത്തം starategic disinvestment നടത്താൻ തത്വത്തിൽ അംഗീകാരം നൽകിയതായി അറിയുന്നു. ബി.പി.സി.എൽ കൊച്ചി റിഫൈനറി സ്വകാര്യവല്ക്കരിക്കാനുള്ള നീക്കത്തിൽ നിന്ന് പിന്മാറണമെന്നു ബഹു. മുഖ്യമന്ത്രിയുടെ 17.10.2019, 18.03.2020 എന്നീ തീയതികളിലെ കത്തുകളിലൂടെ ബഹു. പ്രധാനമന്ത്രിയോടും ബഹു. കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. കൊച്ചി റിഫൈനെറിയുടെ സ്വകാര്യവത്കരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ ദേശീയ താല്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താല്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും നിർദ്ദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽ നിന്നും കേന്ദ്രസർക്കാർ അടിയന്തിരമായി പിന്മാറേണ്ടതുണ്ടെന്നും ആവശ്യപ്പെട്ടുകൊണ്ട് 2019 നവംബർ 19-ാം തീയതി കേരള നിയമസഭ ഐകകണ്ഠേന പ്രമേയം പാസ്സാക്കിയിട്ടുള്ളതും ആയത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്. ഇതിനെ സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ പ്രതികരണം ലഭ്യമായിട്ടില്ല. |
| (ഡി) | ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | (ഡി) | 20.11.2019 ന് നടന്ന CCEA യോഗത്തിൽ, Strategic buyer ന് മാനേജ്മെന്റ് നിയന്ത്രണം കൈമാറുന്നതിനോടൊപ്പം ബിപിസിഎല്ലിൽ കേന്ദ്ര സർക്കാരിനുള്ള 52.98% ഓഹരി പങ്കാളിത്തം starategic disinvestment നടത്താൻ തത്വത്തിൽ അംഗീകാരം നൽകിയതായി അറിയുന്നു. ബി.പി.സി.എൽ കൊച്ചി റിഫൈനറി സ്വകാര്യവല്ക്കരിക്കാനുള്ള നീക്കത്തിൽ നിന്ന് പിന്മാറണമെന്നു ബഹു. മുഖ്യമന്ത്രിയുടെ 17.10.2019, 18.03.2020 എന്നീ തീയതികളിലെ കത്തുകളിലൂടെ ബഹു. പ്രധാനമന്ത്രിയോടും ബഹു. കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. കൊച്ചി റിഫൈനെറിയുടെ സ്വകാര്യവത്കരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ ദേശീയ താല്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താല്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും നിർദ്ദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽ നിന്നും കേന്ദ്രസർക്കാർ |

| | | | |
|---|---|---|---|
| | | | അടിയന്തിരമായി പിന്മാറേണ്ടതുണ്ടെന്നും ആവശ്യപ്പെട്ടുകൊണ്ട് 2019 നവംബർ 19-ാം തീയതി കേരള നിയമസഭ ഐകകണ്ഠേന പ്രമേയം പാസ്സാക്കിയിയിട്ടുള്ളതും ആയത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്. ഇതിനെ സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ പ്രതികരണം ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ